നമ്പർ 74002/16/DPI

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.

തീയതി : 24/10/2016

## സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - പ്രൈമറി സ്കൂളുകൾക്ക് ലഭ്യമാക്കുന്ന ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷന്റെ ഉപയോഗം സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- G.O(Rt) No.3370/2016 G.Edn. Dated 14.10.2016

സംസ്ഥാനത്തെ എല്ലാ അപ്പർപ്രൈമറി ലോവർപ്രൈമറി സ്കൂളുകളിലും ബി.എസ്.എൻ.എല്ലിന്റെ സഹകരണത്തോടെ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം നൽകുന്നതിന് മേൽ സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാകുന്നതോടെ ഇന്റർനെറ്റിന്റെ വിവിധ സേവനങ്ങൾ പഠന-ബോധന പ്രവർത്തനങ്ങളുടെ ഭാഗമാക്കി മാറ്റുന്നതിനുള്ള അനന്തസാധ്യതകളാണ് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭിക്കുന്നത്. അതോടൊപ്പം ഇന്റർനെറ്റിന്റെ ദുരുപയോഗം തടയുന്നതിനുള്ള മുൻകരുതലുകളും സ്കൂൾ തലത്തിൽ ഉണ്ടാകേണ്ടതുണ്ട്. ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം പ്രൈമറിസ്കൂളുകൾക്ക് ലഭ്യമാക്കുന്നതും അതിന്റെ ഉപയോഗവും സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഇന്റർനെറ്റ് സൗകര്യം നിലവിലില്ലാത്ത എല്ലാ സർക്കാർ/എയ്ഡഡ് ലോവർ-അപ്പർ പ്രൈമറി സ്കൂളുകളിലും 2016 നവംബർ 1 മുതൽ BSNL ന്റെ സഹകരണത്തോടെ ഐ.ടി@സ്കൂൾ പ്രോജക്ട് ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കി തുടങ്ങുന്നതാണ്. ഇതിനാവശ്യമായ സൗകര്യങ്ങൾ ഐ.ടി@സ്കൂൾ ജില്ലാകോർഡിനേറ്റർ മാരുമായി ആലോചിച്ച് അതതു പ്രഥമാധ്യാപകർ ഒരുക്കേണ്ടതാണ്.

2. ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ഷൻ സ്ഥാപിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്ത സ്കൂളുകളിൽ അവ സജ്ജമാക്കുന്ന മുറയ്ക്ക് ഐ.ടി@സ്കൂൾ പ്രോജക്ട് ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതാണ്. ഇതു സംബന്ധിച്ച സ്ഥിതിവിവരക്കണക്ക് ശേഖരിക്കേണ്ടതാണ്.

3. നിലവിൽ BSNL-ന്റെ ബ്രോഡ്ബാന്റ് കണക്ഷൻ ഉപയോഗിക്കുന്ന സ്കൂളുകളിൽ ഐ.ടി@സ്കൂൾ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുമ്പോൾ പഴയ കണക്ഷൻ ഐ.ടി@സ്കൂളിന്റെ സ്കീമിലേക്ക് മാറ്റുന്നതാണ്. പ്രോജക്ടിന്റെ കണക്ഷൻ ലഭ്യമായ ശേഷം പഴയ കണക്ഷനുള്ള വാടക തുടർന്ന് സ്കൂളുകൾ നൽകേണ്ടതില്ല. ഇത് സ്കൂൾ പ്രഥമാധ്യാപകരും ജില്ലാകോർഡിനേറ്ററും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4. സ്കൂൾ കമ്പ്യൂട്ടർ ലാബിലാണ് ഇന്റർനെറ്റ് കണക്ഷന്റെ ഭാഗമായുള്ള മോഡം ബന്ധിപ്പിക്കേണ്ടത്. ഫലപ്രദമായ നെറ്റ്‌വർക്കിങ് സംവിധാനം വഴി ഇത് ലാബിലെ മുഴുവൻ കമ്പ്യൂട്ടറുകളിലും ലഭ്യമാക്കണം.

5. സ്കൂളിൽ അനുവദിച്ചിരിക്കുന്ന ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം യാതൊരു കാരണവശാലും സ്കൂൾ കമ്പ്യൂട്ടർലാബിൽ നിന്നും മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റരുത്.

6. കമ്പ്യൂട്ടർ ലാബ് സൗകര്യം ഇല്ലാത്ത സ്കൂളുകളിൽ മൾട്ടിമീഡിയ ക്ലാസ്മുറി ലഭ്യമാണെങ്കിൽ അവിടെയോ ഇല്ലെങ്കിൽ താൽക്കാലികമായി ഓഫീസിൽ മോഡം ക്രമീകരിക്കാവുന്നതാണ്. ലാബ് സൗകര്യം ലഭ്യമാകുന്നമുറയ്ക്ക് അവിടേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്.

7. ഇന്റർനെറ്റ് ലഭ്യമാകുന്ന മുഴുവൻ കമ്പ്യൂട്ടറുകളുടേയും ഉപയോഗം പാസ്‌വേഡ് ഉപയോഗിച്ച് സുരക്ഷിതമാക്കിയിരിക്കണം.

8. വൈഫൈ സംവിധാനങ്ങളോടു കൂടിയ കണക്ടിവിറ്റി ആണെങ്കിൽ സ്കൂളിന് പുറത്തുള്ളവർ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി ആയത് പാസ്‌വേഡ് ഉപയോഗിച്ച് നിയന്ത്രിച്ചിരിക്കണം.

9. സ്കൂളിലെ പ്രധാനാധ്യാപകന്റെയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തിയ മറ്റ് അധ്യാപകന്റെയോ അറിവോടുകൂടി മാത്രമേ സ്കൂളിൽ ഇന്റർനെറ്റ് ഉപയോഗിക്കുവാൻ പാടുള്ളൂ.

10. സ്കൂളിൽ ലഭ്യമാക്കിയ ഇന്റർനെറ്റ് സൗകര്യം അക്കാദമിക പ്രവർത്തനങ്ങൾക്കും സ്കൂളിന്റെ ഭരണപരമായ ആവശ്യങ്ങൾക്കും മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

11. സ്കൂളിലെ കമ്പ്യൂട്ടറുകളിൽ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഉള്ളടക്കങ്ങളും സോഫ്റ്റ്‌വെയറുകളുമൊഴികെ മറ്റൊന്നും ഇൻസ്റ്റാൾ ചെയ്യാൻ പാടുള്ളതല്ല.

12. കുട്ടികളോട് വിവിധ വെബ്സൈറ്റുകൾ സന്ദർശിച്ച് വിവരശേഖരണം നടത്താൻ ആവശ്യപ്പെടുന്നതിന് മുമ്പായി അധ്യാപകർ അത്തരം സൈറ്റുകൾ സന്ദർശിച്ച് അവ പാഠവുമായി ബന്ധപ്പെട്ടവയാണെന്നും വിശ്വസനീയമാണെന്നും ഉറപ്പുവരുത്തുന്നത് അഭികാമ്യമായിരിക്കും.

13. ഏതെങ്കിലും സ്കൂളിൽ ഇന്റർനെറ്റ് സൗകര്യം ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടാൽ ഉത്തരവാദികളായവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

14. സ്കൂളിൽ നിലവിൽ ടെലഫോൺ കണക്ഷൻ ഉണ്ടെങ്കിൽ അതിന്റെ ടെലഫോൺ ചാർജ് മാത്രം സ്കൂളിൽ നിന്നും അടക്കേണ്ടതാണ്. ടെലഫോൺ ബില്ല് ലഭിക്കുമ്പോൾ അതിൽ ഇന്റർനെറ്റ് ചാർജ് ഉൾപ്പെടുത്തിയിട്ടില്ലായെന്ന് പ്രഥമാധ്യാപകൻ ഉറപ്പു വരുത്തേണ്ടതാണ്. ടെലഫോൺ ചാർജ് യഥാസമയം അടക്കാത്ത കണക്ഷനുകൾ വിച്ഛേദിക്കുന്നതാണ്.

15. നിലവിൽ ടെലഫോൺ കണക്ഷൻ ഇല്ലാത്ത സ്കൂളുകൾക്ക് കണക്ഷൻ നൽകി ബ്രോഡ്ബാന്റ് നൽകുന്നതാണ്. ഇന്റർനെറ്റ് കണക്ഷനോടൊപ്പം വോയ്സ് സൗകര്യം ഉപയോഗിക്കുന്ന സ്കൂളുകൾ പ്രസ്തുത ഉപയോഗത്തിന്റെ ചാർജ് അടക്കേണ്ടതാണ്.

16. സ്കൂളിലെ ബ്രോഡ്ബാന്റ് ഇന്റർനെറ്റുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി BSLN ന്റെ വെബ് പോർട്ടൽ, കോൾസെന്റർ എന്നിവ സജ്ജമാക്കുന്നതാണ്. ഇതിലും പരിഹരിക്കാൻ കഴിയാത്തവയ്ക്കായി BSNL ന്റെ ജില്ലാ നോഡൽ ഓഫീസുമായോ ഐ.ടി@സ്കൂൾ പ്രോജക്റ്റിന്റെ ജില്ലാ ഓഫീസുമായോ ബന്ധപ്പെടേണ്ടതാണ്. ഇക്കാര്യങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടത് പ്രഥമാധ്യാപകരുടെ ഉത്തരവാദിത്ത മായിരിക്കും.

17. സ്കൂളിൽ നൽകുന്ന ഇന്റർനെറ്റ് കണക്ഷന്റെ ഉപയോഗക്ഷമത ഐ.ടി@സ്കൂൾ പ്രോജക്ട് പ്രത്യേക ഇലക്ട്രോണിക് മോണിറ്ററിങ് സംവിധാനത്തിലൂടെ പരിശോധിക്കേണ്ടതാണ്.

18. നിർദ്ദേശങ്ങൾക്കനുസൃതമായി സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് വിദ്യാഭ്യാസ ഓഫീസർമാർ സ്കൂൾ സന്ദർശന വേളകളിൽ പരിശോധിച്ച് ഉറപ്പുവരുത്തിയിരിക്കണം.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.ടി@സ്കൂൾ പ്രോജക്ട്

പകർപ്പ്

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ മാർക്കും
എല്ലാ സർക്കാർ/എയ്ഡഡ് എൽ.പി/യു.പി/ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും
ഫിനാൻസ്/അക്കാദമിക് വിഭാഗം/സ്റ്റോക്ക് ഫയൽ